നിക്ഷേപിക്കാവൂ എന്നും നിർദ്ദേശം പുറപ്പെടവിച്ചിട്ടുണ്ട്. ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള സർക്കാർ ധനസഹായങ്ങളും ഫണ്ടുകളും തിരികെ ട്രഷറിയിൽ നിക്ഷേപിക്കണമെന്ന കർശന നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. (27-3-2014 തീയതിയിലെ സർക്കുലർ നമ്പർ 31/2014/ധന.). ഈ സാമ്പത്തിക വർഷം അനുവദിച്ചു നൽകിയ പണം ട്രഷറിയിൽനിന്നും പിൻവലിച്ച് ബാങ്കുകളിൽ നിക്ഷേപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാങ്ക് നിക്ഷേപത്തിൻമേൽ പലിശ ലഭിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ട സാഹചര്യങ്ങളിലെല്ലാം അത് സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാർ ജീവനക്കാർക്ക് ക്ഷാമബത്ത കുടിശ്ശിക

147 (2385) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്ക് നിലവിൽ ക്ഷാമബത്ത കുടിശ്ശികയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് എപ്പോൾ കൊടുത്തു തീർക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ ജീവനക്കാർക്ക് 1-7-2014 പ്രാബല്യത്തിൽ അനുവദിച്ച 7% ക്ഷാമബത്തയ്ക്ക് അനുബന്ധമായി സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 1-7-2014 മുതൽ അർഹതപ്പെട്ട ഒരു ഗഡു ക്ഷാമബത്ത കുടിശ്ശികയായിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

കുടിശ്ശികയായ സർക്കാർ ബാദ്ധ്യതകൾ

148 (2386) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സഹകരണബാങ്കിനും ഇതര സഹകരണ ബാങ്കുകൾക്കും കൊടുത്തു തീർക്കാനുള്ള കുടിശ്ശികയും കൺസ്യൂമർ ഫെഡറേഷന് കൊടുത്തു തീർക്കാനുള്ള സബ്സിഡി കുടിശ്ശികയും ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം എത്ര വീതമാണെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

സംസ്ഥാന സഹകരണ ബാങ്കിനും, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കൊല്ലം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലാ സഹകരണ ബാങ്കുകൾക്കും മൂലധന പര്യാപ്തത കൈവരിക്കുന്നതിനായി 2013-14 സാമ്പത്തിക വർഷം സംസ്ഥാന സഹകരണ ബാങ്കിന് 70 കോടി രൂപയും, 5 ജില്ലാ സഹകരണ ബാങ്കുകൾക്കും കൂടി 129.50 കോടി രൂപയും ചേർത്ത് ആകെ 199.50 കോടി രൂപ 4425-107-89 ശീർഷകത്തിൽ നിന്നും സർക്കാർ ഓഹരി മൂലധനമായി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ടി ശീർഷകത്തിൽ മതിയായ തുക ലഭ്യമല്ലാതിരുന്നതിനാലും ഉപധനാഭ്യർത്ഥന മുഖേന തുക ഉടൻ ലഭ്യമാക്കാൻ കഴിയാതിരുന്നതിനാലും, ടി തുകയിൽ ജില്ലാ സഹകരണ ബാങ്കുകൾക്ക് ലഭിക്കേണ്ട 129.50 കോടി രൂപ സംസ്ഥാന സർക്കാരിനുവേണ്ടി സംസ്ഥാന സഹകരണ ബാങ്ക് അതാത് ജില്ലാ സഹകരണ ബാങ്കുകൾക്ക് 29-6-2013-ന് നൽകുകയും ചെയ്തു. 6-3-2014-ലെ 186/2014/സഹ നമ്പർ ഉത്തരവ്, 28-3-2014-ലെ 118/2014/ധന നമ്പർ ഉത്തരവ് പ്രകാരം 23 മാസക്കാലയളവിലെ ഒരു നിക്ഷേപ പദ്ധതിക്ക് അംഗീകാരം നൽകുകയും ആയത് പ്രകാരം 27.95 കോടി രൂപ സ്വരൂപിക്കുകയും ആയത് 2014-15-ലെ ഒന്നാം ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 4425-107-85 ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ടി തുക പിൻവലിച്ചു നൽകുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ 18-7-2014-ലെ സ.ഉ.(സാധാ) നമ്പർ 5565/2014/ധന ഉത്തരവ് പ്രകാരം കാലാവധി ദീർഘിപ്പിച്ചു നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്വരൂപിച്ച 30.96 കോടി രൂപ രണ്ടാം ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. സഹകരണ സംഘം രജിസ്ട്രാർ ലഭ്യമാക്കിയ കണക്കുകളുടെ അടിസ്ഥാനത്തിൽ ഏറ്റവും ഒടുവിലത്തെ കണക്ക് പ്രകാരം കൺസ്യൂമർ ഫെഡറേഷന് 307.76 കോടി രൂപ കൊടുത്തു തീർക്കുവാനുണ്ടെന്ന് അവകാശപ്പെടുന്നു.

ഓണം, ബക്രീദ്, റംസാൻ തുടങ്ങിയ ഉത്സവ സീസണുകളിൽ പൊതു വിപണിയിലെ വിലക്കയറ്റം തടയുന്നതിന് 13 ഇനം നിത്യോപയോഗ സാധനങ്ങൾക്ക് കൺസ്യൂമർഫെഡ് മുഖേന സബ്സിഡി അനുവദിച്ചു വരുന്നു. ഉത്സവ സീസൺ കഴിഞ്ഞ് 2 മാസത്തിനുള്ളിൽ ആഡിറ്റ് ചെയ്ത കണക്കുകൾ ലഭ്യമാക്കി ആയത് ധനകാര്യ (പരിശോധനാ) വിഭാഗം പരിശോധിച്ച് ഉറപ്പുവരുത്തിയാൽ മാത്രമേ കൺസ്യൂമർ ഫെഡറേഷന് കൊടുത്തു തീർക്കുവാനുള്ള യഥാർത്ഥ സബ്സിഡി കുടിശ്ശിക കണ്ടെത്താൻ സാധിക്കുകയുള്ളൂ. എന്നാൽ യഥാസമയം കൺസ്യൂമർഫെഡിൽ നിന്നും ആഡിറ്റ് ചെയ്ത് കണക്കുകൾ ലഭ്യമാക്കാറില്ല.